(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതത്തിൽ എന്തുമാത്രം കുറവാണുണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിനുള്ള അൺ അലോക്കേറ്റഡ് വൈദ്യുതി വിഹിതം ലഭിക്കാതായിട്ട് എത്ര കാലമായി എന്നറിയിക്കുമോ ;

(ഡി) സംസ്ഥാനത്തിന് എവിടെ നിന്നെല്ലാം ഇപ്പോൾ വൈദ്യുതി ലഭിക്കുന്നുണ്ട് ; ഓരോ സ്ഥലത്തു നിന്നും ലഭിക്കുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് എത്ര രൂപ വീതം നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ,

(എ&ബി) ഇല്ല. കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഗാഡ്കിൽ ഫോർമുലയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾക്ക് നൽകുന്നത്. ഗാഡ്കിൽ ഫോർമുലയുടെ മാനദണ്ഡങ്ങൾ കാലക്രമേണ കേരളത്തിന് പ്രതികൂലമായാണ് കണ്ടുവരുന്നത്. മുമ്പ് കേന്ദ്ര വിഹിതമായി 10-16% വൈദ്യുതി ലഭിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 3-8% മാത്രമാണ് ലഭ്യമാകുന്നത്.

(സി) ഡിസംബർ 2006-ൽ 144.48 MW അൺ അലോക്കേറ്റഡ് വിഹിതം ലഭിച്ചിരുന്നത് 2007 ഏപ്രിലോടെ 10 MW ആയി കുറയുകയും 2009-ഓടെ അൺ അലോക്കേറ്റഡ് വിഹിതം ഇല്ലാതാവുകയും ചെയ്തു.

(ഡി) ദക്ഷിണ മേഖലയിലെ താപവൈദ്യുതി നിലയങ്ങളായ രാമഗുണ്ടം, എൻ.എൽ.സി. എന്നിവയിൽ നിന്നും ആണവ നിലയങ്ങളായ MAPS, KIGA എന്നിവയിൽ നിന്നും ഒറീസയിലെ താൽച്ചറിൽ നിന്നും യൂണിറ്റിന് 1.89 രൂപ മുതൽ 3.61 രൂപ നിരക്കിൽ വൈദ്യുതി ലഭിക്കുന്നുണ്ട്.

ഇ.എസ്.ഐ. ആശുപത്രികളുടെ സേവനസൗകര്യം മെച്ചപ്പെടുത്താൻ നടപടി

29(*298) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. ആശുപത്രികളുടെ സേവനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തെങ്കിലും പുതിയ നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇ.എസ്.ഐ. പദ്ധതി പ്രകാരം എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ നിന്നും, അംഗങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത് ;

(സി) ഇത്തരം സേവനത്തിന് പ്രതിവർഷ പരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇൻഷ്വറൻസ് ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്ക് പോകുന്ന അംഗങ്ങൾക്ക് ജീവനക്കാരിൽ നിന്നും മതിയായ പരിഗണന ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): സർ,

(എ) ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും മെച്ചപ്പെട്ട സേവനങ്ങൾ ആണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്. ആശുപത്രികളിലെ സേവന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇ.എസ്.ഐ. പദ്ധതിപ്രകാരം സൗജന്യമായി ചികിത്സ ലഭിക്കുന്ന എംപാനൽ ചെയ്ത ആശുപത്രികളുടെ ലിസ്റ്റും ഓരോ ആശുപത്രിയിൽ നിന്നും ലഭിക്കുന്ന ചികിത്സയുടെ വിവരങ്ങളും അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) ഇല്ല.

(ഡി) ഉണ്ട്. പല ഇ.എസ്.ഐ. സ്ഥാപനങ്ങളിലും ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതിനാൽ, ജീവനക്കാർക്ക് കൂടുതൽ ജോലി ചെയ്യേണ്ടി വരുന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് അന്വേഷണത്തിൽ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി ജീവനക്കാർക്ക് പ്രത്യേക ട്രെയിനിംഗ് നൽകി വരുന്നുണ്ട്. കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പദ്ധതികൾ

30(*300) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി ജെ. അരുന്ധതി :
ഡോ. കെ. ടി. ജലീൽ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിലായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ; സ്വയം തൊഴിൽ പദ്ധതികൾക്കായി വായ്പ നൽകുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ ;

(സി) വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതിക്ക് പരമാവധി എത്ര രൂപ വായ്പ അനുവദിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കോർപ്പറേഷൻ ഇതുവരെ എത്ര പേർക്ക് വിദ്യാഭ്യാസ വായ്പ അനുവദിച്ചിട്ടുണ്ട് ; വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ് ;

(ഇ) കോർപ്പറേഷൻ പുതുതായി എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly